
CHRISTIAN MUSICOLOGICAL SOCIETY of INDIA

# വിവാഹത്തലേന്ന് ഉള്ള പ്രാർത്ഥന



*For Private Use Only*

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# വിവാഹത്തലേന്ന് ഉള്ള പ്രാർത്ഥന

കാർമ്മി: അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി (3)

സമൂഹം: ആമ്മേൻ (3)

കാർമ്മി: ഭൂമിയിൽ മനുഷ്യർക്ക് സമാധാനവും പ്രത്യാശയും എന്നേക്കും.

സമൂഹം: ആമ്മേൻ.

കാർമ്മി: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

## സ്ലോസാ

കാർമ്മി: വിഭജിച്ചുപോകാത്ത ഐക്യത്താൽ കർത്താവേ, നിന്റെ ദാസരെ യോജിപ്പിക്കുകയും, വേർപിരിയാത്ത സ്നേഹത്താൽ നിന്റെ ഭക്തരെ പൂർണ്ണമായി ബന്ധിക്കുകയും, ഭിന്നിച്ചു പോകാത്ത ഏക അഭിപ്രായം നിന്റെ കരുണയാൽ അവർക്ക് നൽകുകയും ഇവരുടെ ഈ ബന്ധത്തെ നിന്റെ അടുക്കൽ നിന്നുള്ള സഹായത്താൽ പൂർണ്ണമാക്കി പൂർത്തീകരിക്കുകയും, നിന്റെ വിശുദ്ധരുടെ പ്രാർത്ഥനയാൽ ഇവരുടെ മണവറയെ വിശുദ്ധീകരിക്കുകയുംചെയ്യണമെ. പിതാവിനും പുത്രനും പരിശുദ്ധ റൂഹായുമായ സർവ്വേശ്വരാ എന്നേയ്ക്കും.

സമൂഹം: ആമ്മേൻ

## സങ്കീർത്തനം 23

കർത്താവാണ് എൻെറ ഇടയൻ; എനിക്കൊന്നിനും കുറവുണ്ടാവുകയില്ല.

പച്ചയായ പുൽത്തകിടിയിൽ അവിടുന്ന് എനിക്കു വിശ്രമമരുളുന്നു;

പ്രശാന്തമായ ജലാശയത്തിലേക്ക്അവിടുന്ന് എന്നെ നയിക്കുന്നു.

***കർത്താവാണ് എൻെറ ഇടയൻ; എനിക്കൊന്നിനും കുറവുണ്ടാവുകയില്ല.***

അവിടുന്ന് എനിക്ക് ഉൻമേഷം നൽകുന്നു; തൻെറ നാമത്തെപ്രതി നീതിയുടെ

പാതയിൽ എന്നെ നയിക്കുന്നു.

***കർത്താവാണ് എൻെറ ഇടയൻ; എനിക്കൊന്നിനും കുറവുണ്ടാവുകയില്ല.***

മരണത്തിൻെറ നിഴൽവീണതാഴ്‌വരയിലൂടെയാണു ഞാൻ നടക്കുന്നതെങ്കിലും,

അവിടുന്നു കൂടെയുള്ളതിനാൽഞാൻ ഭയപ്പെടുകയില്ല; അങ്ങയുടെ

ഊന്നുവടിയും ദണ്ഡും എനിക്ക് ഉറപ്പേകുന്നു.

***കർത്താവാണ് എൻെറ ഇടയൻ; എനിക്കൊന്നിനും കുറവുണ്ടാവുകയില്ല.*** എൻെറ

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ശത്രുക്കളുടെ മുൻപിൽ അവിടുന്ന് എനിക്കു വിരുന്നൊരുക്കുന്നു; എൻെറ ശിരസ്സു തൈലംകൊണ്ട് അഭിഷേകം ചെയ്യുന്നു; എൻെറ പാനപാത്രം കവിഞ്ഞൊഴുകുന്നു.

***കർത്താവാണ് എൻെറ ഇടയൻ; എനിക്കൊന്നിനും കുറവുണ്ടാവുകയില്ല.***

അവിടുത്തെ നൻമയും കരുണയും ജീവിതകാലം മുഴുവൻ എന്നെ അനുഗമിക്കും; കർത്താവിൻെറ ആലയത്തിൽ ഞാൻ എന്നേക്കും വസിക്കും.

***കർത്താവാണ് എൻെറ ഇടയൻ; എനിക്കൊന്നിനും കുറവുണ്ടാവുകയില്ല.***

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേയ്ക്കും ആമ്മേൻ

## സ്ലോസാ

കാർമ്മി: തന്റെ മണവാളത്വം മാറിപ്പോകാതിരിക്കയും തന്റെ മഹാപൗരോഹിത്യം ഒരിക്കലും അവസാനിക്കാതിരിക്കയും ചെയ്യുന്ന ഞങ്ങളുടെ കർത്താവായ ഈശോയേ, പരിശോധിക്കപ്പെട്ട വിശ്വാസിയായ ഈ മണവാളനെയും (മണവാട്ടിയെയും), അവന് (അവൾക്ക്) വിവാഹം നിശ്ചയിക്കപ്പെട്ട അവന്റെ (അവളുടെ) മണവാട്ടിയെയും (മണവാളനെയും) നിന്റെ കൃപ സംരക്ഷിക്കുകയും, നിന്റെ വലംകൈയ്യാൽ സഹായിച്ച് കാത്തുകൊള്ളുകയും ചെയ്യുമാറാകണമേ. ബഹുമാനത്താൽ നിന്നെ അവർ സ്തുതിക്കുവാനായി ബഹുമാനത്താലും മഹത്വത്താലും ശോഭയാലും അവരെ നീ കിരീടം അണിയിക്കയും അവരുടെ മണവറയെ പ്രകാശംകൊണ്ട് നിഴലിപ്പിക്കയും ചെയ്യേണമേ. സകലത്തിന്റെയും നാഥാ എന്നേക്കും.

സമൂഹം: ആമ്മേൻ

## ഉത്ഥാനഗീതം

സമൂ: സർവ്വാധിപനാം കർത്താവേ ....

കാർമ്മി: കർത്താവിന്റെ ഭവനത്തിലേക്ക് പോകാമെന്ന് അവർ പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു .

സർവ്വാധിപനാം കർത്താവേ ....

സമൂ: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. സർവ്വാധിപനാം കർത്താവേ ....

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA

ശത്രുക്കളുടെ മുൻപിൽ അവിടുന്ന് എനിക്കു വിരുന്നൊരുക്കുന്നു; എൻെറ ശിരസ്സു തൈലംകൊണ്ട് അഭിഷേകം ചെയ്യുന്നു; എൻെറ പാനപാത്രം കവിഞ്ഞൊഴുകുന്നു.

***കർത്താവാണ് എൻെറ ഇടയൻ; എനിക്കൊന്നിനും കുറവുണ്ടാവുകയില്ല.***

അവിടുത്തെ നൻമയും കരുണയും ജീവിതകാലം മുഴുവൻ എന്നെ അനുഗമിക്കും; കർത്താവിൻെറ ആലയത്തിൽ ഞാൻ എന്നേക്കും വസിക്കും.

***കർത്താവാണ് എൻെറ ഇടയൻ; എനിക്കൊന്നിനും കുറവുണ്ടാവുകയില്ല.***

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേയ്ക്കും ആമ്മേൻ

## സ്ലോസാ

കാർമ്മി: തന്റെ മണവാളത്വം മാറിപ്പോകാതിരിക്കയും തന്റെ മഹാപൗരോഹിത്യം ഒരിക്കലും അവസാനിക്കാതിരിക്കയും ചെയ്യുന്ന ഞങ്ങളുടെ കർത്താവായ ഈശോയേ, പരിശോധിക്കപ്പെട്ട വിശ്വാസിയായ ഈ മണവാളനെയും (മണവാട്ടിയെയും), അവന് (അവൾക്ക്) വിവാഹം നിശ്ചയിക്കപ്പെട്ട അവന്റെ (അവളുടെ) മണവാട്ടിയെയും (മണവാളനെയും) നിന്റെ കൃപ സംരക്ഷിക്കുകയും, നിന്റെ വലംകൈയ്യാൽ സഹായിച്ച് കാത്തുകൊള്ളുകയും ചെയ്യുമാറാകണമേ. ബഹുമാനത്താൽ നിന്നെ അവർ സ്തുതിക്കുവാനായി ബഹുമാനത്താലും മഹത്വത്താലും ശോഭയാലും അവരെ നീ കിരീടം അണിയിക്കയും അവരുടെ മണവറയെ പ്രകാശംകൊണ്ട് നിഴലിപ്പിക്കയും ചെയ്യേണമേ. സകലത്തിന്റെയും നാഥാ എന്നേക്കും.

സമൂഹം: ആമ്മേൻ

## ഉത്ഥാനഗീതം

സമൂ: സർവ്വാധിപനാം കർത്താവേ ....

കാർമ്മി: കർത്താവിന്റെ ഭവനത്തിലേക്ക് പോകാമെന്ന് അവർ പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു .

സർവ്വാധിപനാം കർത്താവേ ....

സമൂ: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. സർവ്വാധിപനാം കർത്താവേ ....

Christian Musicological Society of India
www.TheCMSIndia.org

സ്ലോസാ: എന്റെ കർത്താവേ നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്ക് സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ കടപ്പെട്ടവരാകുന്നു . സകലത്തിന്റെയും നാഥാ എന്നേയ്ക്കും.

സമൂഹം: ആമ്മേൻ .

## ത്രിശുദ്ധ കീർത്തനം

ശുശ്രൂ : സഹോദരരേ നമുക്ക് സ്വരമുയർത്തി സജീവനായ ദൈവത്തെ പ്രകീർത്തിക്കാം

സമൂ: പരിപാവനനാം സർവ്വേശാ ....

കാർമ്മി : പിതാവിനും....പരിപാവനനാം സർവ്വേശാ ....

സമൂ: ആദിമുതൽ ........പരിപാവനനാം സർവ്വേശാ ....

സ്ലോസാ : ഞങ്ങളുടെ കർത്താവേ നിന്റെ നിയമത്തിൽ ഞങ്ങളെ ജ്ഞാനികളാക്കേണമേ. നിന്റെ ജ്ഞാനത്താൽ ഞങ്ങളുടെ മനസ്സിനെ ജ്വലിപ്പിക്കണമേ. നിന്റെ സത്യത്താൽ ഞങ്ങളുടെ ആത്മാക്കളെ വിശുദ്ധീകരിക്കണൈമെ. അങ്ങനെ ഞങ്ങൾ ഇപ്പോഴും നിന്റെ വചനങ്ങൾ പാലിക്കുന്നവരും കൽപ്പനകൾ അനുസരിക്കുന്നവരുമാകട്ടെ. സകലത്തിന്റെയും നാഥാ എന്നേയ്ക്കും..

സമൂഹം: ആമ്മേൻ

## സുവിശേഷം

മത്തായി 25 : 1 - 13 , പത്തുകന്യകമാരുടെ ഉപമ

## കാറോസൂസ

ശുശ്രൂ : നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടും കൂടെ നിന്ന് കർത്താവേ ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ എന്നപേക്ഷിക്കാം...

സമൂ: കർത്താവേ ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ : തന്റെ മുന്നോടിയും പുരോഹിതന്റെ പുത്രനുമായ യോഹന്നാൻ മാംദാന യുടെ ആചാര്യത്വം മൂലം സഭയോട് വിവാഹ നിശ്ചയം ചെയ്തവനായ സ്വർഗീയ മണവാളാ നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു.

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA

സമൂ: കർത്താവേ ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ : തന്റെ മണവാട്ടിയായ തിരുസ്സഭയ്ക്ക് സ്ത്രീധനത്തിന് പകരം വിലയേറിയ തിരുരക്തം ചൊരിഞ്ഞ സ്വർഗ്ഗീയ മണവാളാ നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ: കർത്താവേ ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ : സ്വർഗ്ഗരാജ്യത്തിന്റെ സുവിശേഷമാകുന്ന വിവാഹവിരുന്നിലേയ്ക്ക് ഉന്നതത്തിലുള്ളവരെയും ആഴത്തിലുള്ളവരെയും ക്ഷണിച്ചവനായ സ്വർഗ്ഗീയ മണവാളാ നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ: കർത്താവേ ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ : തന്റെ സഭയ്ക്ക് പാനം ചെയ്യുവാനായി സ്വർഗ്ഗീയ വീഞ്ഞാകുന്ന തുരുരക്തം കലർത്തുകയും തനിയ്ക്ക് വിവാഹം നിശ്ചയിക്കപ്പെട്ട അലംകൃത മണവാട്ടിയുടെ അനുഭവത്തിനായി ജീവജലത്തെ ഒഴുക്കുകയും ചെയ്ത സ്വർഗ്ഗീയ മണവാളാ നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ: കർത്താവേ ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ : തന്റെ മണവാളത്വത്തിന്റെ നന്മകളുടെ മേശയിങ്കൽ ഇരുന്ന് ഭക്ഷിച്ച് ആനന്ദിക്കുവാൻ എല്ലാ ജനതകളെയും ക്ഷണിച്ചടുപ്പിച്ച സ്വർഗ്ഗീയ മണവാളാ നിന്നോട് ഞങ്ങൾ യാചിക്കുന്നു

സമൂ: കർത്താവേ ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ : ഗലീലിയിലെ കാനായിൽ വച്ചു വെള്ളത്തെ വീഞ്ഞാക്കി മാറ്റിക്കൊണ്ട് ക്ഷണിക്കപ്പെട്ടവരെ സന്തോഷിപ്പിക്കുകയും ആതിഥേയരുടെ അപമാനത്തെ നീക്കിക്കളയുകയും ചെയ്ത സ്വർഗ്ഗീയ മണവാളാ നാളെ വിവാഹജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്ന അങ്ങയുടെ ദാസൻ.... നെയും അവന്റെ പങ്കാളിയാകാൻ പോകുന്ന.... നേയും അവർ ആരംഭിക്കാൻ പോകുന്ന കുടുംബ ജീവിതത്തിൽ കുറവുകൾ ഇല്ലാതെയും തികഞ്ഞ സന്തോഷത്തോടെയും മുന്നേറുവാൻ അനുഗ്രഹിക്കണമെന്നു ഞങ്ങൾ യാചിക്കുന്നു...

ശുശ്രൂ : നമുക്കെല്ലാവർക്കും നമ്മെയും....

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA



*മണവാളൻ/ മണവാട്ടി മുട്ടിന്മേൽ നിൽക്കുന്നു . പുരോഹിതൻ തന്റെ കയ്യിലുള്ള സ്ലീവാ മണവാളന്റെ/ മണവാട്ടിയുടെ ശിരസ്സിൽ വച്ചുകൊണ്ട് ഈ ആശീർവാദം നൽകുന്നു*

## മണവാളന്റെ മേലുള്ള ആശീർവാദം

കാർമ്മി : ദൈവതിരുമുമ്പാകെ തന്റെ ശിരസ് താഴ്മയോടെ കുനിച്ചിരിക്കുന്നവനായ മണവാളാ, നമ്മുടെ ദൈവമായ കർത്താവ് നിന്റെ ശിരസ് ഉയർത്തുകയും ഇരുലോകങ്ങളിലും നിന്നെ പ്രശോഭിക്കുകയും ചെയ്യുമാറാകട്ടെ. കർത്താവിന്റെ അനുഗ്രഹം നിന്റെമേൽ ഉണ്ടായിരിക്കട്ടെ. നിന്റെ ശത്രുക്കളെ നീ കീഴടക്കും. നിന്റെ സൗഖ്യം ശരീരത്തിലും ആത്മാവിലും ഇരട്ടിയായി വർദ്ധിക്കും. സ്വർഗ്ഗീയവും ഭൗമികവുമായ നിന്റെ ധനം ഇരട്ടിക്കും. പ്രകാശ സ്ലീവായുടെ തണൽ നിന്നെ രാവും പകലും കാത്തുകൊള്ളും. നിന്റെ വിജ്ഞാനം സ്വർണ്ണം പോലെ നിന്റെ എല്ലാ സ്നേഹിതൻമാർക്ക് മുൻപാകെയും ശോഭിക്കും. നിന്റെ മേലുള്ള കർത്താവിന്റെ കരുതൽ നിന്റെ കാലടികളെ പ്രകാശത്തിലൂടെ യാത്ര ചെയ്യിക്കും. നിന്റെ മണവറയും ശയ്യയും വാഴ്ത്തപ്പെടും. നിന്റെ നിദ്രയെ നീ ആശ്വാസത്തോടെ നിർവഹിക്കും. പ്രഭാതത്തിൽ സന്തോഷത്തോടെ നീ ഉണരും. മധ്യാഹ്നത്തിൽ നീ നന്മ ശേഖരിക്കും. എല്ലാ നേരത്തും നീ ആശ്വാസം കണ്ടെത്തും. ശക്തിയിൽ നിന്ന് ശക്തിയിലേയ്ക്ക് നീ പോകും. മഹത്വത്തിൽ നിന്ന് മഹത്വത്തിലേയ്ക്ക് നീ എത്തും. പദവിയിൽ നിന്ന് പദവിയിലേക്ക് നീ ഉയരും. നന്മയിൽ നിന്ന് നന്മയിലേയ്ക്ക് നീ നീങ്ങും. നിനക്ക് പദവിയും ശോഭയും സത്പേരുമുണ്ടാകും. ദാവീദിനെപ്പോലെ കർത്താവ് നിന്റെ ബഹുമാനം വർദ്ധിപ്പിക്കും. നിന്റെ ഭാര്യ നിന്റെ ഭവനത്തിൽ വിളഞ്ഞുകിടക്കുന്ന മുന്തിരിവള്ളി പോലെയായിരിക്കട്ടെ. നീ നിന്റെ ഭാര്യയ്ക്ക് താങ്ങും തണലുമായിരിക്കുക. നിനക്കുണ്ടാകുന്ന മക്കൾ മേശയ്ക്കു ചുറ്റും സൈത്ത് മുളകൾ പോലെയായിരിക്കട്ടെ. നീ സത്ഗുണ സമ്പന്നരായ മക്കൾക്ക് ജന്മം നൽകട്ടെ. നിന്നിൽ നിന്ന് തിരുസ്സഭയ്ക്ക് വിശുദ്ധരായ അൽമായരും പുരോഹിതന്മാരും സമർപ്പിതരും നേതാക്കന്മാരും ഉളവാകട്ടെ. നീ നിന്റെ വലംകൈ നീട്ടുമ്പോൾ കർത്താവിന്റെ വലംകൈ നിനക്ക് വിശ്രമമായിരിക്കും. നിന്റെ ഇടങ്കൈ നീ വയ്ക്കുന്നിടത്ത് കർത്താവിന്റെ സഹായം നിന്നെ അനുയാത്ര ചെയ്യും. രാത്രിയാകട്ടെ പകലാകട്ടെ പൈശാചിക

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA

ശക്തികൾ നിന്നോടടുക്കുകയില്ല. മിശിഹായുടെ മാതാവും അനുഗ്രഹീതയും ഭാഗ്യവതിയുമായ പരിശുദ്ധ കന്യാമറിയത്തിന്റെ പ്രാർത്ഥന രാവും പകലും നിനക്കും നിന്റെ കുടുംബത്തിനും കോട്ടയായിരിക്കട്ടെ. അതുവഴി പിതാവും പുത്രനും പരിശുദ്ധാത്മാവുമായ പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാമത്തിന് നീ എല്ലാ സമയത്തും സ്തുതികൾ അർപ്പിക്കാൻ ഇടയാവുകയും ചെയ്യട്ടെ. സകലത്തിന്റെയും നാഥാ എന്നേക്കും.

സമൂഹം: ആമ്മേൻ

## മണവാട്ടിയുടെ മേലുള്ള ആശീർവാദം

കാർമ്മി: ദൈവതിരുമുമ്പാകെ താഴ്മയോടെ തലകുനിച്ചു നിൽക്കുന്നവളായ മണവാട്ടീ, അവിടുന്നു നിന്നെ മഹത്വത്തിന്റെ കിരീടം ധരിപ്പിക്കും. അകമേയുള്ള ശോഭയാലും പുറമെയുള്ള ഭംഗിയിയാലും അവിടുന്നു നിന്നെ അലങ്കരിക്കും. കർത്താവേ ഇവളുടെ ഭർത്താവിന് അവൻ പ്രതീക്ഷിക്കുന്ന നന്മകൾ ഇവളുടെ ഗൃഹപ്രവേശം മൂലം വരുത്തിക്കൊടുക്കണമേ . ഇവളുടെ ഭർത്താവിനൊപ്പം ഇവൾ ചെന്നെത്തുന്ന ഭവനം വഴക്കും വാഗ്വാദവും കൂടാതെ ഇവൾ ഭരിക്കാൻ ഇടവരേണമേ. സൗഖ്യത്താൽ ഇവളുടെ ശരീരത്തെയും പരിപാകതയാൽ ഇവളുടെ സൗന്ദര്യത്തെയും ശോഭിപ്പിക്കണമേ. ഇവൾക്ക് സത്പ്പേര് വർദ്ധിപ്പിക്കുകയും ഇവളുടെ യാചനകൾക്ക് ഉത്തരമരുളുകയും ചെയ്യണമേ. നിന്റെ വലംകൈ ഇവളുടെ മേൽ ആവസിപ്പിക്കുകയും നിന്റെ ചിറകിൻ കീഴിൽ ഇവളെ മറയ്ക്കുകയും ചെയ്യണമേ. ദുഷ്ടനിൽ നിന്നും അവന്റെ ശക്തിയിൽ നിന്നും ഇവളെ രക്ഷിക്കേണമേ . റെബേക്കയെപ്പോലെ ഇവളെ അനുഗഹിക്കുകയും യാക്കോബിനെപ്പോലെ ഇവളുടെ മക്കളെ കാത്തുകൊള്ളുകയും ചെയ്യണമേ. ലേയായുടെ എന്നപോലെ ഇവളുടെ ഗർഭപാത്രത്തെ അനുഗഹിക്കണമേ . ഇവൾ അനേകർക്ക് അമ്മയായിത്തീരണമേ. ഇവളുടെ സന്തതികളിൽ നിന്ന് തിരുസഭയ്ക്ക് വിശുദ്ധരായ അല്മായരും പുരോഹിതരും നേതാക്കന്മാരും ഉണ്ടാകണമേ . ഇവളുടെ സന്തതികൾ സമ്പാദ്യങ്ങളും വയലുകളും മറ്റ് അഭിവൃദ്ധികളും അവകാശമാക്കുമാറാകേണമേ. ഇവളുടെ ഭർത്താവ് അത്യധികമായി ആനന്ദിക്കുകയും ഇവളുടെ

Christian Musicological Society of India

www.TheCMSIndia.org

മാതാപിതാക്കൾ സന്തോഷിക്കുകയും ചെയ്യാൻ ഇടയാകട്ടെ . ഞങ്ങളുടെ കർത്താവേ നിന്റെ ഈ ദാസി അവളുടെ ആയുഷ്കാലമെല്ലാം നിന്റെ വിശുദ്ധരുടെ പ്രാർഥനകളാൽ ഈ അനുഗ്രവചനങ്ങൾ മൂലം അനുഗഹിക്കപ്പെടുമാറാകേണമേ. ഇന്നുമുതൽ എന്നന്നേയ്ക്കും തലമുറ തലമുറയായി ഇവൾ പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്ത്രോത്രവും ഉയർത്തുമാറാകേണമേ . സകലത്തിന്റെയും നാഥാ എന്നേയ്ക്കും.

സമൂഹം: ആമ്മേൻ

## ഹൂത്താമ്മ

കാർമ്മി : നിന്റെ ദാസനായ അബ്രഹാമിനെ അനുഗ്രഹിക്കുകയും, അവനിൽനിന്ന് ജനതകളെ ഉളവാക്കുകയും ചെയ്ത ഞങ്ങളുടെ കർത്താവേ! മണവാളനെ അവന്റെ മണവാട്ടിയാൽ നീ സന്തോഷിപ്പിക്കേണമേ. അവന്റെ സന്തോഷം സമ്പൂർണ്ണമാക്കണമേ. അവനോടുകൂടെ നിന്റെ ആരാധകരായ ഞങ്ങളുടെ സമൂഹത്തെയും അനുഗ്രഹിക്കണമേ. നമ്മുടെ കർത്താവീശോ മിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധ റൂഹായുടെ സഹവാസവും നാമെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും ✝ ഇപ്പോഴും എന്നേയ്ക്കും .

സമൂഹം: ആമ്മേൻ

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS